**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1590** **03-02-2026 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് - ബാലുശ്ശേരി ഭൂമി ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി മുഖേനയുള്ള കോഴിക്കോട് - ബാലുശ്ശേരി റോഡ് വീതി കൂട്ടൽ പദ്ധതിയ്ക്കായുള്ള ഭൂമി ഏറ്റെടുക്കൽ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | കിഫ്ബി മുഖേനയുള്ള കോഴിക്കോട് - ബാലുശ്ശേരി റോഡ് വീതി കൂട്ടൽ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതുമൂലം ഭൂമി നഷ്ടപ്പെടുന്നവർക്ക് നിശ്ചയിക്കപ്പെട്ട നഷ്ടപരിഹാരം നൽകുന്നതിനായുള്ള അവാർഡ് എൻക്വയറിയും നഷ്ടപരിഹാര വിതരണവും നടന്നു വരുന്നു. പനങ്ങാട്, നന്മണ്ട, വേങ്ങേരി, കച്ചേരി, കാക്കൂർ, കക്കോടി എന്നീ വില്ലേജുകളിലെ അവാർഡ് എൻക്വയറി പൂർത്തിയായിട്ടുണ്ട്. അവാർഡ് പാസ്സാക്കിയ എല്ലാ കേസുകളിലും നഷ്ടപരിഹാര തുക കക്ഷികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | കോഴിക്കോട്, വേങ്ങേരി, കച്ചേരി വില്ലേജുകളിലെ ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ; | (ബി) | വേങ്ങേരി, കച്ചേരി വില്ലേജുകളിലെ ഭൂവുടമകളുടെ ഭൂമി ഏറ്റെടുക്കുന്നതിൽ ഭൂമി നഷ്ടപ്പെടുന്നവർക്ക് നിശ്ചയിക്കപ്പെട്ട നഷ്ടപരിഹാരം നൽകുന്നതിനായുള്ള അവാർഡ് എൻക്വയറിയും നഷ്ടപരിഹാര വിതരണവും നടന്നു വരുന്നു. |
| (സി) | മേൽ പ്രവൃത്തികളുടെ ഭൂമി ഏറ്റെടുക്കൽ നടപടി എത്ര സമയത്തിനകം പൂർത്തികരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ? | (സി) | 2013ലെ ആർ.എഫ്.സി.റ്റി. എൽ.എ.ആർ.ആർ. ആക്ടിലെ നടപടിക്രമങ്ങൾ പാലിച്ച് എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ